1	2
2010-11	107
2011-12	99
2012-13	98
2013-14	89
2014-15	87

വാണിജ്യ നികുതി ചെക്ക്പോസ്റ്റ്

187 (532) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ വൻതോതിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) അഴിമതി കേസ്സിൽപ്പെട്ട എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിജിലൻസും ജില്ലാ കളക്ടറും നടത്തിയ പരിശോധനയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണക്കിൽപ്പെടാത്ത തുക കണ്ടെത്തൽ, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കൽ, കൈക്കൂലിവാങ്ങൽ തുടങ്ങിയ ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്.

(സി) മേൽ പറഞ്ഞ 6 കേസ്സുകളിലായി 14 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly